കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അകലക്കുന്നം ഗ്രാമപഞ്ചായത്ത് - കുടിവെള്ളപദ്ധതി വിപുലീകരണം - സ്ഥലം വാങ്ങുന്നതിന് പഞ്ചായത്തിന്റെ പദ്ധതിവിഹിതം ഉപയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ)നം.1023/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 31.3.2015.

പരാമർശം : 1. അകലക്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08/12/2014ലെ ലെ എ4 2522/2014 നമ്പരിലുള്ള കത്ത്.

2. അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 06/12/2014 തീയതിയിലെ VI-ാം നമ്പർ തീരുമാനം.

## ഉത്തരവ്

അകലക്കുന്നം ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുത്തോലി കൊഴുവനാൽ അകലക്കുന്നം കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനായി അടിയന്തിരമായി നിർമ്മിക്കുവാനായുദ്ദേശിക്കുന്ന 2 ടാങ്കുകൾക്കും ഒരു പമ്പിംഗ് സ്റ്റേഷനും ആവശ്യമായ സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും, 2015-16 ലെ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ള 15,00,000/രൂപാ (പതിനഞ്ചുലക്ഷം രൂപാ മാത്രം) ഉപയോഗിച്ച് വിലയ്ക്ക് വാങ്ങി കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (2) പ്രകാരം തീരുമാനിച്ച് പരാമർശം (1) പ്രകാരം അകലക്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അകലക്കുന്നം ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനായി അടിയന്തിരമായി നിർമ്മിക്കുവാനുദ്ദേശിക്കുന്ന 2 ടാങ്കുകൾക്കും ഒരു പമ്പിംഗ് സ്റ്റേഷനും ആവശ്യമായ സ്ഥലം, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം (5) ലെ വ്യവസ്ഥകൾക്കു വിധേയമായി,

ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയിൽ കവിയാതെ, ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള 15,00,000/രൂപാ (പതിനഞ്ചുലക്ഷം രൂപാ മാത്രം) ഉപയോഗിച്ച് സ്വകാര്യ വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങി കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിന് അകലക്കുന്നം ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, അകലക്കുന്നം ഗ്രാമ പഞ്ചായത്ത് , മണലുങ്കൽ പി.ഒ, കോട്ടയം686503.
ജില്ലാ കളക്ടർ , കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ. & എ)) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**